**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1525** — **19-01-2021 - ൽ മറുപടിയ്ക്ക്**

**നെൽ വയലുകളുടെ വിസ്തൃതി കുറയുന്ന സാഹചര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്തെ നെൽ വയലുകളുടെ വിസ്തൃതി വർഷം തോറും കുറയുന്ന സാഹചര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) | കഴിഞ്ഞ 4 വർഷക്കാലമായി നെൽകൃഷി യുടെ വിസ്തൃതിയിൽ കുറവുണ്ടായിട്ടില്ല. 2015-16 വർഷത്തിൽ 196870 ഹെക്ടർ നെൽ കൃഷി ഉണ്ടായിരുന്നത് ഈ സർക്കാരിന്റെ കാലയളവിൽ 2017-18 ൽ 220449 ഹെക്ടർ വരെ വർദ്ധിപ്പിക്കാൻ സാധിച്ചു. 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണമായി നഷ്ടപ്പെട്ടിട്ടും 2018-19 വർഷത്തിൽ 202985 ഹെക്ടർ സ്ഥലത്ത് നെൽ കൃഷി നില നിർത്താൻ സാധിച്ചു. 2019-20 വർഷത്തിൽ 230941 ഹെക്ടർ നെൽകൃഷി ഇറക്കിയിട്ടുണ്ട്. 32761.61 ഹെക്ടർ നെൽകൃഷി പ്രകൃതി ക്ഷോഭത്താൽ നഷ്ടപ്പെട്ടിരുന്നു. |
| (ബി) | നെൽവയൽ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും, നെൽ ഉൽപാദനം കൂട്ടുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;അതിലൂടെ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ; | (ബി) | നെൽവയൽ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും, നെൽ ഉൽപാദനം കൂട്ടുന്നതിനും സർക്കാർ 2016-17 മുതൽ വിവിധ സംസ്ഥാനവിഷ്കൃത - കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നു. സമഗ്രനെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃതപദ്ധതി പ്രകാരം നടപ്പിലാക്കുന്ന വിവിധ ഘടകങ്ങളെ സംബന്ധിച്ച വിവരം അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ പദ്ധതിയിൽ പാലക്കാട് ജില്ലയും രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ എല്ലാ ജില്ലകളും ഉൾപ്പെടുത്തി നെൽകൃഷിക്ക് ആനുകൂല്യം നൽകി വരുന്നു. നേട്ടങ്ങൾ 2015-16 വർഷത്തിൽ 196870 ഹെക്ടർ നെൽ കൃഷി ഉണ്ടായിരുന്നത് ഈ സർക്കാരിന്റെ കാലയളവിൽ 230941 ഹെക്ടർ വരെ വർദ്ധിപ്പിക്കാൻ സാധിച്ചു. അരിയുടെ ഉത്പാദനം 549275 ടണ്ണിൽ നിന്നും 605541 ടൺ വരെ ഉയർത്തുവാനും സാധിച്ചു. തരിശുനില കൃഷി, കരനെൽകൃഷി, പ്രത്യേക നെല്ലിനങ്ങളുടെ കൃഷി, ഒരുപ്പൂ കൃഷി ഇരിപ്പൂ കൃഷിയാക്കുന്നതിനുള്ള പദ്ധതി, സുസ്ഥിര നെൽകൃഷി വികസനം എന്നീ |

| | | | |
|---|---|---|---|
| | | | ഘടകങ്ങളിലെ ഭൗതിക നേട്ടങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ ഇതുവരെ 48515.59 ഹെക്ടറിൽ സുസ്ഥിര നെൽകൃഷി വികസന പദ്ധതി നടപ്പിലാക്കി . |
| (സി) | നെൽകർഷകർക്ക് റോയൽറ്റി നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോയെന്നും എങ്കിൽ എത്രപേർക്ക് റോയൽറ്റി നൽകിയെന്നും ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | (സി) | നെൽ കർഷകർക്ക് റോയൽറ്റി നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കി. 2020-21 സാമ്പത്തിക വർഷത്തിൽ സമഗ്ര നെൽകൃഷി വികസന പദ്ധതിക്കായി നീക്കി വെച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 4000 ലക്ഷം രൂപ നെൽകൃഷിയ്ക്കനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്കുള്ള റോയൽറ്റി (Royalty for owners of cultivable paddy land) നൽകുന്നതിനായി നീക്കിവച്ചിട്ടുണ്ട്. 109783 കർഷകർ ഈ പദ്ധതിയിൽ ഇത് വരെ ഓൺലൈനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. 31.12.2020 വരെ 52565കർഷകർക്കായി 458.56878ലക്ഷം രൂപ DBT മുഖാന്തിരം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് വിതരണം ചെയ്തു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം (1)**

## സമഗ്രനെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃതപദ്ധതി പ്രകാരം നടപ്പിലാക്കുന്ന വിവിധ ഘടകങ്ങൾ

- **സുസ്ഥിര നെൽകൃഷി**

സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 5500/- രൂപ സബ്സിഡി നിരക്കിൽ നൽകി വരുന്നു.

- **വികസന ഏജൻസികൾക്കുള്ള ഫണ്ട്**

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 10 നെൽകൃഷി വികസന ഏജൻസികൾക്കായി ഫണ്ട് വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

- **പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം**

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ ഫണ്ട് വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

- **പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി**
  പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ ഫണ്ട് വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

- **കരനെൽകൃഷി വികസനം-**

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13600/- രൂപ സബ്സിഡി നൽകി പദ്ധതി നടപ്പിലാക്കി .

- **തരിശുനില കൃഷി**

നെൽകൃഷിയിലേക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കി കൊണ്ട് വരുന്നതിനു വേണ്ടി തരിശുനില കൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിനു ഒന്നാം വർഷത്തെ കൃഷിക്ക് 30000 രൂപയും രണ്ടാം വർഷം 7000 രൂപയും മൂന്നാം വർഷം 4500 രൂപയും നൽകി വരുന്നു. 2020-21 വർഷത്തിൽ ഒന്നാം വർഷ തരിശു കൃഷിക്ക് സഹായധനം 40000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട് .

- **ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി**

ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിനായി ഹെക്ടറൊന്നിനു 10000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു .

- **പാഠം ഒന്ന് പാടത്തേക്ക്**

യുവതലമുറയെ നെൽക്കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി വിദ്യാഭ്യാസവകുപ്പുമായി സഹകരിച്ച് കൊണ്ട് പാഠം ഒന്ന് പാടത്തേക്ക് എന്ന പദ്ധതി 2019 -20 മുതൽ നടപ്പിലാക്കി വരുന്നു .

- **നെൽകൃഷിക്ക് അനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്ക് റോയൽറ്റി**

നെൽവയലുകൾ അതേപടി നിലനിർത്തുന്നതിനും തരം മാറ്റുന്നത് തടയുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി നെൽകൃഷിക്ക് അനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2000 രൂപ പ്രകാരം നൽകുന്ന ഒരു നൂതന പദ്ധതി 2020-21

വർഷം ആരംഭിച്ച നടപ്പിലാക്കി വരുന്നു.

- **നെൽകൃഷിക്ക് കുമ്മായം**

മണ്ണിന്റെ അമ്ലത്വം കുറച്ച് നെല്ലിന്റെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് കുമ്മായം ചേർക്കുന്നതിന് ഹെക്ടറിന് 5400 രൂപ വീതം സബ്സിഡി നൽകി വരുന്നു.

**ഇത് കൂടാതെ നെൽകൃഷി വികസനത്തിനായി താഴെ പറയുന്ന പദ്ധതിയേതര (NP) പദ്ധതികളും നടപ്പിലാക്കി വരുന്നു.**

- **നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ)**

നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഒരു സീസണിൽ ഹെക്ടറിന് 1000 രൂപ നിരക്കിൽ നൽകി വരുന്നു.

- **കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)**

നെല്കൃഷിക്ക് പരിധിയില്ലാതെ ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ച് വരുന്നു.

**അനുബന്ധം (2 )**

| വർഷം | തരിശ്ശുനില കൃഷി<br><br>(ഹെക്ടർ ) | കരനെൽ കൃഷി<br><br>(ഹെക്ടർ ) | പ്രത്യേക നെല്ലിനങ്ങളു ടെ കൃഷി<br><br>(ഹെക്ടർ ) | ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി<br>(ഹെക്ടർ ) | സുസ്ഥിര നെൽകൃഷി വികസനം<br><br>(ഹെക്ടർ ) |
|---|---|---|---|---|---|
| 2016-17 | 2372.2457 | 2743.28 | 888.57 | 88.452 | 169535 |
| 2017-18 | 5485.686 | 2624.64 | 1182.9 | 3136.06 | 182264 |
| 2018-19 | 3668.01 | 2338.471 | 888.254 | 1783.75 | 183269 |
| 2019-20 | 2987.95 | 2473.15 | 458.334 | 254.494 | 163595 |